പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1594 06.03.2017 ലെ മറുപടിയ്ക്ക്

നഗരസഭാ ജീവനക്കാരുടെ പി.എഫ്.

ചോദ്യം

ശ്രീ. തോമസ് ചാണ്ടി

ഉത്തരം

ഡോ. കെ.റ്റി. ജലീൽ,
(ബഹു. തദ്ദേശ സ്വയംഭരണവും,
ന്യൂനപക്ഷ ക്ഷേമവും, വഖഫ്, ഹജ്ജ്
തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | നഗരസഭാ ജീവനക്കാരുടെ പി.എഫ്. വരവുവയ്ക്കാത്തതു സംബന്ധിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; അടച്ച തുകയുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നേക്ക് പൂർത്തീകരിക്കും എന്നറിയിക്കാമോ; | (എ) | 'സ്ഥാപന ' എന്ന സോഫ്റ്റ് വെയറിലൂടെയാണ് നഗരസഭകളിൽ ജീവനക്കാരുടെ പി.എഫ്. വരവു വയ്ക്കുന്നത്. ഈ സോഫ്റ്റ് വെയറിൽ ചില അപാകതകൾ കണ്ടെത്തിയതിനാൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അവ പൂർണ്ണമായും പരിഹരിച്ചാലുടൻ തന്നെ നഗരസഭകളിലെ ജീവനക്കാരുടെ പി.എഫ്. തുക ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ഡേറ്റാ എൻട്രി നടപടികൾ സ്വീകരിച്ച് അവ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | നഗരസഭാ ജീവനക്കാർക്ക് പി.എഫ് ക്രെഡിറ്റ് കാർഡ് നൽകുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഇതുവരെ എത്ര ജീവനക്കാർക്ക് ക്രെഡിറ്റ് കാർഡ് നൽകിയിട്ടുണ്ട്; ബാക്കി ജീവനക്കാർക്ക് എത്ര | (ബി) | ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി മാനുവലായി നഗരസഭ കണ്ടിജന്റ് വിഭാഗത്തിലെ 24 ജീവനക്കാർക്ക് പി.എഫ് ക്രെഡിറ്റ് കാർഡ് നൽകിയിട്ടുണ്ട്. 'സ്ഥാപന' സോഫ്റ്റ് വെയറിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചാലുടൻ തന്നെ |

| | | | |
|---|---|---|---|
| | ദിവസത്തിനകം പി.എഫ്. ക്രെഡിറ്റ് കാർഡ് നല്കാൻ കഴിയും; | | നഗരസഭകളിലെ ജീവനക്കാരുടെ പി.എഫ്. ക്രഡിറ്റ് കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പി.എഫ്. ക്രഡിറ്റ് കാർഡ് എത്രയും വേഗം നൽകുന്നതാണ്. |
| (സി) | നഗരസഭാ ജീവനക്കാരനായ ശ്രീ. കെ. മധുസൂദനന്റെ പി.എഫ്. 7- 8217 എന്ന അക്കൗണ്ടിൽ അടച്ച തുക വരവു വയ്ക്കുന്നില്ല എന്നു കാണിച്ച് പി.എഫ്. ഡയറക്ടർക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടി അറിയിക്കാമോ; ഈ അക്കൗണ്ടിൽ ഇതുവരെ അടച്ച തുക വരവു വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ; | (സി) | ശ്രീ. മധുസൂദനന്റെ പി.എഫ്. അക്കൗണ്ടിൽ 2006-07 മുതൽ 2016-17 ജനുവരി മാസം വരെ വരിസംഖ്യ, വായ്പ തിരിച്ചടവ്, ക്ഷാമബത്ത, ശമ്പള പരിഷ്കരണ കടിശ്ശിക എന്നീ ഇനങ്ങളിൽ 3,24,950/- രൂപയും വായ്പ തുകയായി 1,30,725/- രൂപയും കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ശ്രീ. മധുസൂദനൻ തിരുവനന്തപുരം നഗരസഭയിൽ നിന്നും ഡെപ്യൂട്ടേഷൻ പോയ ശേഷം പി.എഫ്. അക്കൗണ്ടിലേക്ക് വന്നിട്ടുള്ള ഡി.ഡി. കൾ വരവു വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ തുക എത്രയാണെന്ന് അറിയിക്കാമോ? | (ഡി) | ഉണ്ട്. ആകെ 3,05,097/- രൂപ |

സെക്ഷൻ ഓഫീസർ